"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റ് ശ്രീമതി വിൻസി സോളമൻ-ന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.609/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. 12.01.2016 -ലെ G.O.(P)No.10/2016/ H&FWD നമ്പർ സർക്കുലർ.
2. 15.12.2017-ലെ G.O.(Ms))No.184/2017/H&FWD നമ്പർ ഉത്തരവ്.
3. ശ്രീമതി വിൻസി സോളമൻ-ന്റെ 17.092022-ലെ അപേക്ഷയും ബില്ലുകളും.
4. നെടുമ്പന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.12.2021-ലെ 19(1) -ാം നമ്പർ തീരുമാനം.
5. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 11.06.2024-ലെ ഡി2-E680874/2024ജി.മെ.ആ. നമ്പർ കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.11.2024 - ലെ LSGD/PD/17634/2024-DEG1 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീമതി വിൻസി സോളമൻ-ന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിൽ ചെലവായ 38,826/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധ രേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (5) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയുടെ മാതാവിന്റെ ചികിൽസയ്ക്ക് ചെലവായ തുകയിൽ അനുവദനീയമായ 24,760/- രൂപയുടെ 80% ആയ 19,808/- (പത്തൊമ്പതിനായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീമതി വിൻസി സോളമൻ-ന്റെ മാതാവിന്റെ ചികിത്സയ്ക്കായി 01.04.2022 മുതൽ 04.08.2022 വരെ കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 24,760/-

രൂപയുടെ 80% ആയ 19,808/- (പത്തൊമ്പതിനായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
6.ശ്രീമതി.വിൻസി സോളമൻ , ഓഫീസ് അറ്റന്റന്റ്, നെടുമ്പന ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
7.എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
8.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/563/2024/LSGD).ത്ത

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 06-03-2025 18:26:57
സെക്ഷൻ ഓഫീസർ